# മാടക്കത്തറയിലെ ഗ്രാമവികസനകേന്ദ്രം

## ജനകീയാസൂത്രണപദ്ധതികൾക്ക് ഒരു മാതൃക

**ഇ.ആർ. ശാസ്ത്രശർമൻ**

അധികാരവികേന്ദ്രീകരണം പുതിയ ആശയമല്ല. പല കാലങ്ങളിൽ പല രൂപങ്ങളിലായി അതു ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ലോകത്ത് പലയിടങ്ങളിലായി വികേന്ദ്രീകരണത്തിന്റേതായ പരീക്ഷണങ്ങൾ നടന്നിട്ടുമുണ്ട്, നടക്കുന്നുമുണ്ട്. അതിന്റെ സൈദ്ധാന്തികവശങ്ങൾ ചർച്ച ചെയ്യാൻ ഇവിടെ ഉദ്യമിക്കുന്നില്ല. ജനകീയാസൂത്രണത്തേയും അത്തരത്തിലുള്ള പരീക്ഷണമെന്ന നിലയിലാണ് സമീപിക്കേണ്ടത്.

അധികാരത്തോടൊപ്പം ആസൂത്രണവും വികേന്ദ്രീകരിക്കപ്പെട്ടു എന്നതാണ് ജനകീയാസൂത്രണപരീക്ഷണത്തിന്റെ പ്രത്യേകത. ഗ്രാമപഞ്ചായത്തുകൾക്ക് ലക്ഷക്കണക്കിന് രൂപ പദ്ധതിവിഹിതമായി നൽകി. പദ്ധതിവിഹിതത്തിൽ ചുരുങ്ങിയത് 40% തുകയെങ്കിലും ഉത്പാദനമേഖലയ്ക്ക് നീക്കിവെക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. ഏത് തലത്തിൽ ആസൂത്രണം തുടങ്ങണം എന്നതിനുത്തരമായി ഗ്രാമസഭ നിലവിൽ വന്നു. വികസനപ്രവർത്തനത്തേക്കാൾ ഫലപ്രദം പങ്കാളിത്ത ജനാധിപത്യമാണ് എന്ന ആശയം ജനകീയാസൂത്രണത്തിൽ വേരൂന്നി. അങ്ങനെയാണ് ഗ്രാമസഭയ്ക്ക് ആസൂത്രണ അധികാരങ്ങൾ കൈവരുന്നത്. ഗ്രാമസഭകൾ മറ്റു പല സംസ്ഥാനങ്ങളിലും നിലവിലുണ്ട്. എന്നാൽ ജനകീയാസൂത്രണം നിലവിൽ വരുമ്പോൾ കേരളത്തിന് ഇത് ഒരു പുതിയ ആശയമായിരുന്നു. ഗ്രാമസഭകളിൽ വികസനത്തിനുള്ള നിർദ്ദേശങ്ങൾ വന്നു. കർമ്മസമിതികളുടെ വിവിധ വിഷയസമിതികൾ ആ നിർദ്ദേശങ്ങളെ പദ്ധതികളാക്കി രൂപം കൊടുത്തു. ലഭിക്കുന്ന പദ്ധതിവിഹിതത്തിനാനുപാതികമായി പദ്ധതികൾ ചുരുക്കേണ്ടിവന്നപ്പോൾ അഡ്ഹോക്കിസം (താൽക്കാലികസ്വഭാവം) ബാധിച്ചു. സ്ഥായിയായ വികസനത്തിന് ശരിയായ കാഴ്ച്ചപ്പാടുണ്ടാക്കാനായില്ല. അഞ്ചുവർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ലാനുണ്ടാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാനിംഗ് ബോർഡ് നിർദ്ദേശമുണ്ടായിട്ടും അതു നടന്നില്ല. മാർച്ച് 31ന് മുമ്പ് പദ്ധതിതുക ചെലവഴിക്കാനുള്ള തിടുക്കത്തിൽ ഭാവനാശൂന്യമായ പല കാര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യുകയും പൊതുധനം ധൂർത്തടിച്ചു എന്ന വിമർശനങ്ങൾ ബാക്കി നിർത്തുകയും ചെയ്തു. ഈ പ്രശ്നങ്ങൾ നിലവിലിരിക്കുമ്പോഴും സൂക്ഷ്മതലാസൂത്രണത്തിന്റെ സാദ്ധ്യതകളെ തള്ളിക്കളയുക വയ്യ എന്നതിന് ചില മാതൃകകളെങ്കിലും ഉദാഹരിക്കേണ്ടതും പ്രചരിപ്പിക്കേണ്ടതും ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ആവശ്യമാണ്.

### മാടക്കത്തറയിലെ ഗ്രാമവികസനകേന്ദ്രം

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ ചിറക്കാക്കോട്ടാണ് ഗ്രാമവികസനകേന്ദ്രം സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിലെ ഒരേക്കർ വരുന്ന പുറമ്പോക്ക് പ്രദേശത്ത് 30 സെന്റോളം വലുപ്പം വരുന്ന പുല്ലുകുളത്തിന്റെ കരയിൽ പാണ്ടിപ്പറമ്പ് പാടശേഖരകമ്മിറ്റി ഓഫീസ് പ്രവർത്തിച്ചുവരികയായിരുന്നു. 1997ൽ ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി ഉത്പാദനമേഖലയിൽ മുയൽവളർത്തലിന് ഒരു പദ്ധതി തയ്യാറാക്കി. ഈ പദ്ധതിയുടെ സാദ്ധ്യതകൾ ഉൾക്കൊള്ളാനാകാതെ വിദഗ്ധസമിതി ആദ്യഘട്ടത്തിൽ സാങ്കേതികാനുമതി നിഷേധിക്കുകയുണ്ടായി. ഇതേ കാലയളവിൽ തന്നെ പാലക്കാട് ശാസ്ത്രസാഹിത്യപരിഷത്തിന്റെ ഗവേഷണ കേന്ദ്രമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിൽ (I.R.T.C) കേന്ദ്ര ശാസ്ത്രസാങ്കേതികവകുപ്പിന്റെ സഹായത്തോടെ മുയൽവളർത്തൽ ഗവേഷണം നടക്കുകയായിരുന്നു. ഐ.ആർ.ടി.സിയിൽ നിന്ന് 19 മുയലുകളെ കൊണ്ടുവന്ന് ഇവിടെ പ്രവർത്തനമാരംഭിച്ചു. മുയൽവളർത്തൽ തുടങ്ങിയതോടെ മാടക്കത്തറയിലുണ്ടായിരുന്ന മൃഗാശുപത്രി ഇവിടേയ്ക്ക് മാറ്റി. മൃഗാശുപത്രിയ്ക്ക് കെട്ടിടവും മുയൽവളർത്തലിന് കൂടുതൽ ഷെഡുകളും പണിതു. ഇതിനു തുടർച്ചയായി കോഴിവളർത്തൽ യൂണിറ്റ്, ഖരമാലിന്യ സംസ്കരണ യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവയും തുടങ്ങിവെച്ചു.

താഴെക്കാണുന്ന ലക്ഷ്യങ്ങളാണ് ഗ്രാമവികസന കേന്ദ്രത്തെപ്രതി വിഭാവനം ചെയ്യപ്പെട്ടത്.

1. ഉത്പാദനരംഗത്ത് നൂതന പരീക്ഷണങ്ങൾക്ക് തുടക്കമിടുക.
2. നാടൻകൃഷിസമ്പ്രദായത്തേയും നാട്ടറിവുകളേയും സംബന്ധിച്ച വിവരശേഖരണ, പരിശീലനകേന്ദ്രം തുടങ്ങുക.
3. ഒരു നാട്ടറിവ് സർവ്വകലാശാലയായി വികസിപ്പിക്കുക.
4. പഞ്ചായത്തിൽ നടക്കുന്ന കാർഷിക വ്യാവസായികരംഗത്തെ വിവിധതരം പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുക.
5. കാർഷികോൽപ്പന്നങ്ങളുടെ പൊതുവിപണനകേന്ദ്രം തുടങ്ങുക.
6. മുയൽവളർത്തലും പുല്ലുകുളത്തിലെ മത്സ്യകൃഷിയുമടക്കം മൃഗസംരക്ഷണരംഗത്തെ പുതിയ പരീക്ഷണങ്ങൾ തുടങ്ങിവെയ്ക്കുക.
7. പ്രകൃതിയുടെ അനുഗ്രഹങ്ങളെ ഉപയോഗപ്പെടുത്തി വിനോദവിശ്രമകേന്ദ്രം വികസിപ്പിക്കുക.
8. ഉദ്ഗ്രഥിതവികസനസമുച്ചയത്തിന്റെ മാതൃക വികസിപ്പിക്കുക.



ഇന്നിവിടെ ഏറ്റവും ശ്രദ്ധേയമാം വിധം നടക്കുന്നത് മുയൽവളർത്തലാണ്. കേന്ദ്രയൂണിറ്റിൽ 250 ഓളം മുയലുകളുണ്ട്. 32 ഗാർഹികയൂണിറ്റുകളുമുണ്ട്. സ്ത്രീകളാണ് പ്രധാന ഗുണഭോക്താക്കൾ. ഗാർഹികയൂണിറ്റുകൾക്ക് ഒരാൺമുയലിനേയും രണ്ട് പെൺ മുയൽക്കുഞ്ഞുങ്ങളേയും കൊടുക്കണം. ഒരു മുയൽക്കുഞ്ഞിന് 100 രൂപ വരും. ഈ മുയൽക്കുഞ്ഞുങ്ങൾ വലുതായി പ്രസവിക്കുമ്പോൾ 7 മുതൽ 14 വരെ കുഞ്ഞുങ്ങളെ ലഭിക്കുന്നു. കുഞ്ഞുങ്ങൾക്ക് ഒരു മാസം പ്രായമായാൽ 800-ഗ്രാം തൂക്കം വരുന്നു എന്നാണനുഭവം. തുടർന്ന് കുഞ്ഞുങ്ങളെ കേന്ദ്രയൂണിറ്റ് തന്നെ ഒന്നിന് 75 രൂപ വീതം കൊടുത്ത് തിരിച്ചെടുക്കുന്നു. ഇപ്രകാരം ഒരു ഗുണഭോക്താവിന് പ്രതിമാസം 500 രൂപയെങ്കിലും അധികവരുമാനം ഉണ്ടാക്കാം എന്ന് കണക്കാക്കപ്പെടുന്നു. ഇതല്ലാതെ മുയലിന് രണ്ടുതരം വിപണിയുണ്ട്.

1. യൂണിവേഴ്സിറ്റി മുയൽഫാമിൽ മുയലിനെ പറഞ്ഞുവച്ചവരെ നേരിൽ ബന്ധപ്പെട്ട് വിൽക്കുന്നു.
2. ആവശ്യപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിൽക്കുന്നു.

മാംസത്തിന് വിപണി ഉണ്ടായിത്തുടങ്ങിയിട്ടില്ല. അധികം താമസിയാതെ കശാപ്പുശാലയും മാംസ-തുകൽ സംസ്കരണയൂണിറ്റുകളും സ്ഥാപിതമാകും.

ഖരമാലിന്യ സംസ്കരണയൂണിറ്റും മണ്ണിര കമ്പോസ്റ്റ് യൂണിറ്റും വേണ്ടത്ര പ്രവർത്തനക്ഷമമായിട്ടില്ല. കോഴിവളർത്തൽ യൂണിറ്റിലെ കോഴികൾ പൂർണ്ണമായും വിറ്റഴിക്കപ്പെട്ടു. പുതിയതായി തുടങ്ങിയിട്ടില്ല. മത്സ്യകൃഷി ലക്ഷ്യമിട്ടുകൊണ്ട് പുല്ലുകുളം പുനരുദ്ധരിക്കുന്ന പണി തുടങ്ങിയിട്ടുണ്ട്.

നാലു വനിതകളും ഒരു യുവാവുമടക്കം അഞ്ചുപേർക്ക് തൊഴിൽ കൊടുക്കാനായി എന്നത് ഈ സ്ഥാപനത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. മുയൽവളർത്തൽ കേന്ദ്രയൂണിറ്റിന്റെ ലാഭത്തിൽ നിന്നാണ് തൽക്കാലം തുടർപ്രവർത്തനങ്ങൾക്കുള്ള മൂലധനം കണ്ടെത്തുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളായി ഉൽപാദനമേഖലയിലുൾപ്പെടുത്തി വനിതാസ്വാശ്രയസംഘങ്ങൾക്കോ വ്യക്തികൾക്കോ മുയൽവളർത്തൽ പ്രോത്സാഹനമായും പശ്ചാത്തലമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായും നിശ്ചിതതുക പദ്ധതിവിഹിതത്തിന്റെ ഭാഗമായി ഇതിന്മേൽ ചെലവഴിക്കപ്പെടുന്നുമുണ്ട്.

തിരു-കൊച്ചി സാഹിത്യ, ശാസ്ത്രീയധർമ്മസംഘങ്ങൾ രജിസ്റ്ററിക്കൽ ആക്ട് (1955) പ്രകാരം 1996 ജൂലായിൽ രജിസ്റ്റർ ചെയ്യപ്പെട്ട മാടക്കത്തറ പഞ്ചായത്ത് വികസന സമിതി (P.D.S) ആണ് ഗ്രാമവികസനകേന്ദ്രത്തിന്റെ ഭരണം നിർവ്വഹിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും പ്രമുഖ സാമൂഹ്യപ്രവർത്തകൻ ജനറൽ സെക്രട്ടറിയുമായ പി.ഡി.എസ്സിന്റെ പൊതുസഭയിൽ 91 അയൽക്കൂട്ടങ്ങളിൽ നിന്നും ഈരണ്ട് പ്രതിനിധികൾ വീതമുണ്ട്. വാർഡ് മെമ്പർമാർ ഇതിന്റെ എക്സ്- ഒഫീഷ്യോ അംഗങ്ങളാണ്. പി.ഡി.എസ്. പ്രത്യേകം ചുമതലപ്പെടുത്തിയ ഒരു ആറംഗ ഉപസമിതി ഗ്രാമവികസനകേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നു. ഈ സമിതിയിൽ പി.ഡി.എസ്. ജനറൽ സെക്രട്ടറി, ട്രഷറർ, വാർഡ് മെമ്പർ, വെറ്ററിനറി ഡോക്ടർ എന്നിവരുൾപ്പെടുന്നു. വികസനസമിതിയുടെ ഓഫീസ് ഇവിടെ പ്രവർത്തിക്കുന്നു. വികസനസമിതി ഗ്രാമശ്രീ എന്ന ഒരു മാസിക നടത്തുന്നുണ്ട്. അതിന്റെ എഡിറ്റോറിയൽ ഓഫീസും ഇവിടെത്തന്നെ പ്രവർത്തിക്കുന്നു.

മാറിവരുന്ന ഭരണസമിതികൾക്കും ജനകീയാസൂത്രണത്തിന്റെ ഭാഗമായി ലഭിക്കുന്ന പദ്ധതിവിഹിതത്തിനും അതീതമായുള്ള നിലനിൽപ്പ് ഇന്ന് ഗ്രാമവികസനകേന്ദ്രത്തിനുണ്ട്. വികസനസമിതിയുടേയും അയൽക്കൂട്ടങ്ങളുടേയും മുയൽ ഗാർഹികയൂണിറ്റുകളുടേയും അടിത്തറതന്നെയാണ് ഈ സ്ഥാപനത്തെ ഇപ്രകാരം നിലനിർത്തിപ്പോരുന്നത്. ഏറെക്കുറെ ജനകീയമായ മാനേജ്മെന്റാണ് നടക്കുന്നത് എന്നതുകൊണ്ട് തന്നെ, ബാലാരിഷ്ടതകളുണ്ടെങ്കിലും ഭാവിയിലെ മഹത്തായ മാതൃകയാകും എന്ന് തന്നെയാണ് പൊതുവിൽ പ്രതീക്ഷ.